# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

**നം. പി.ആർ.149/2025** **തിരുവനന്തപുരം, തീയതി: 07.07.2025**

## പത്രക്കുറിപ്പ്

### ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനം - 2025
### സ്പോർട്സ് ക്വാട്ട അഡ്മിഷൻ
### സർട്ടിഫിക്കറ്റ് പുനഃപരിശോധനക്ക് അവസരം

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെ ബിരുദാനന്തര ബിരുദ കോഴ്സുകളിലെ സ്പോർട്സ് ക്വാട്ട റാങ്ക് ലിസ്റ്റിലേക്കുള്ള സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ പൂർത്തിയായി. സ്പോർട്സ് ക്വാട്ട ഓപ്ഷൻ നൽകിയ വിദ്യാർത്ഥികൾക്ക് അപേക്ഷാ നമ്പറും പാസ്സ് വേർഡും ഉപയോഗിച്ച് പ്രൊഫൈലിൽ ലോഗ്ഇൻ ചെയ്ത് (https://admissions.keralauniversity.ac.in/pg2025) വെരിഫിക്കേഷൻ സ്റ്റാറ്റസ് പരിശോധിക്കാവുന്നതാണ്.

സർട്ടിഫിക്കറ്റ് "Reject" ആയ വിദ്യാർത്ഥികൾക്ക്, നിലവിൽ അപ്‌ലോഡ് ചെയ്ത സർട്ടിഫിക്കറ്റിന്റെ ന്യൂനത പരിഹരിച്ച് 2025 ജൂലൈ 9 വരെ പ്രൊഫൈലിൽ അപ് ലോഡ് ചെയ്യാവുന്നതാണ്.

നിശ്ചിത സമയത്തിനുള്ളിൽ ലഭിക്കുന്ന പരാതികൾ പരിഗണിച്ചതിന് ശേഷം ഫൈനൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണ്. 2025 ജൂലൈ 9 ന് ശേഷം ലഭിക്കുന്ന പരാതികൾ പരിഗണിക്കുന്നതല്ല. പരാതികൾ സർവകലാശാലയിലേക്ക് നേരിട്ടോ ഇ-മെയിൽ മുഖേനയോ അയയ്ക്കേണ്ടതില്ല. ഹെൽപ്പ്ലൈൻ നമ്പർ:8281883052 (Whatsapp also)

### ബി.എഡ് പ്രവേശനം 2025 -26
### ബിഎഡ് എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലേക്കുള്ള അഡ്മിഷൻ ജൂലൈ 10 ന്.

കേരളസർവകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള ബി.എഡ് കോളേജുകളിലെ (എയ്ഡഡ്) കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലേക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള അതാത് കമ്മ്യൂണിറ്റിയിലെ യോഗ്യരായ വിദ്യാർത്ഥികളുടെ റാങ്ക് ലിസ്റ്റ് സർവകലാശാല അഡ്മിഷൻ പോർട്ടലിൽ പ്രസിദ്ധീകരിച്ചു. പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിലായിരിക്കും അഡ്മിഷൻ പ്രക്രിയ നടത്തുന്നത്. വിദ്യാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ പ്രിൻറൗട്ടും മറ്റ് അനുബന്ധരേഖകളും (പ്രൊഫൈലിൽ അവകാശപ്പെട്ടിട്ടുള്ള എല്ലാ യോഗ്യതകളും തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസ്സൽ) സഹിതം ജൂലൈ 10 ന് 12 മണിക്ക് മുൻപായി അതാത് കോളേജുകളിൽ ഹാജരാകേണ്ടതാണ് അല്ലാത്തപക്ഷം കമ്മ്യൂണിറ്റി ക്വാട്ട അഡ്മിഷൻ പ്രക്രിയയിൽ നിന്ന് പുറത്താവുന്നതാണ്.

## പരീക്ഷ പുനഃക്രമീകരിച്ചു

കേരളസർവകലാശാല 2025 ജൂലൈ 9 ന് നടത്താൻ നിശ്ചയിച്ചിരുന്ന എല്ലാ പരീക്ഷകളും പുനഃക്രമീകരിച്ചിരിക്കുന്നു. പുതുക്കിയ തീയതി വെബ്സൈറ്റിൽ ലഭ്യമാണ് (www.keralauniversity.ac.in). പരീക്ഷാകേന്ദ്രത്തിനോ സമയത്തിനോ മാറ്റമില്ല.

## ടൈംടേബിൾ പുനഃപ്രസിദ്ധീകരിച്ചു

കേരളസർവകലാശാല 2025 ജൂലൈ 25 ന് നടത്താനിരുന്ന രണ്ടാം സെമസ്റ്റർ ബിഡെസ് (ഫാഷൻ ഡിസൈൻ) ഡിഗ്രി പരീക്ഷയുടെ ടൈംടേബിൾ പുനഃപ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in).

## ടൈംടേബിൾ

കേരളസർവകലാശാല നടത്തുന്ന നാലാം സെമസ്റ്റർ ബിഎ ഓണേഴ്സ് ഡിഗ്രി പ്രോഗ്രാം ഇൻ ഇംഗ്ലീഷ് ലാംഗ്വേജ് & ലിറ്ററേച്ചർ, ജൂലൈ 2025 (റെഗുലർ - 2023 അഡ്മിഷൻ, ഇപ്രൂവ്മെന്റ്/സപ്ലിമെന്ററി - 2022 അഡ്മിഷൻ, സപ്ലിമെന്ററി - 2020-2021 അഡ്മിഷൻ, മേഴ്സിചാൻസ് - 2013-2019 അഡ്മിഷൻ) പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധികരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in).

## പരീക്ഷാഫലം

കേരളസർവകലാശാല 2025 ഫെബ്രുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എംഎ ഇക്കണോമിക്സ് (ബിഹേവിയറൽ ഇക്കണോമിക്സ് & ഡേറ്റാ സയൻസ്) (റെഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനക്കുള്ള അപേക്ഷകൾ 2025 ജൂലൈ 13 വരെ www.slcm.keralauniversity.ac.in മുഖേന ഓൺലൈനായി സമർപ്പിക്കാം. വിദ്യാർത്ഥികളുടെ അപേക്ഷാഫീസ് SLCM ഓൺലൈൻ പോർട്ടൽ മുഖേന മാത്രമേ സ്വീകരിക്കുകയുള്ളു. വിശദവിവരം വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളസർവകലാശാല 2024 സെപ്റ്റംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ എംഎ ഇക്കണോമിക്സ് (മേഴ്സിചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനക്കുള്ള അപേക്ഷകൾ 2025 ജൂലൈ 13 വരെ www.exams.keralauniversity.ac.in മുഖേന ഓൺലൈനായി സമർപ്പിക്കാം. വിശദവിവരം വെബ്സൈറ്റിൽ ലഭ്യമാണ്.

## സൂക്ഷ്മപരിശോധന

കേരളസർവകലാശാല നടത്തിയ പത്താം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എൽഎൽബി ഏപ്രിൽ 2025 പരീക്ഷയുടെ സൂക്ഷ്മപരിശോധനക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും പ്രസ്തുത പരീക്ഷയുടെ ഹാൾ ടിക്കറ്റുമായി 2025 ജൂലൈ 8,10,11 തീയതികളിൽ റീവാലുവേഷൻ (EJ.X) വിഭാഗത്തിൽ എത്തിച്ചേരേണ്ടതാണ്.

കേരളസർവകലാശാല നടത്തിയ ഒന്നാം സെമസ്റ്റർ ബിഎൽഐഎസ്‌സി (വിദൂര വിദ്യാഭ്യാസം) നവംബർ 2024 ഡിഗ്രി പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്കുവേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐഡി കാർഡ്/ഹാൾടിക്കറ്റുമായി 2025 ജൂലൈ 7 മുതൽ ജൂലൈ 15 വരെയുള്ള പ്രവൃത്തിദിനങ്ങളിൽ (EJ-III) സെക്ഷനിൽ ഹാജരാകേണ്ടതാണ്.

## <u>മൂല്യനിർണ്ണയ ക്യാമ്പുകൾ പ്രവർത്തിക്കുന്നതല്ല</u>

കേരളസർവകലാശാലയുടെ തിരുവനന്തപുരം, കൊല്ലം ആലപ്പുഴ പന്തളം എന്നിവിടങ്ങളിലെ മൂല്യനിർണ്ണയ ക്യാമ്പുകൾ 2025 ജൂലൈ 9 (ബുധനാഴ്ച) പ്രവർത്തിക്കുന്നതല്ല.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ - ചാർജ്ജ്)

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

***University information is available on*** **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**